**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 569** **02-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ റോഡ് ഇമ്പ്രൂവ്മെന്റ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ മാസ്കുമാരി - കുരുഡപ്പ ദവ് റോഡിന്റെ ഇംപ്രൂവ്മെന്റ് പ്രവൃത്തി കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം നടത്തുന്നത് ഉചിതമല്ല എന്ന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേശ്വരം മണ്ഡലത്തിലെ മാസ് കുമാരി – കുരുഡപ്പ ദവ് റോഡ് പ്രവൃത്തിക്കായി നിർവ്വഹണ ഏജൻസിയായ KRFB സമർപ്പിച്ച വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബി പദ്ധതി അവലോകന വിഭാഗം പരിശോധിച്ചതിൽ, പ്രതിദിന ട്രാഫിക് volume വളരെ കുറവാണെന്ന് കണ്ടതിനാൽ പ്രസ്തുത റോഡ് കിഫ്ബി മാനദണ്ഡ പ്രകാരം വികസിപ്പിക്കേണ്ടത് ഉചിതമല്ല എന്ന് കണ്ടതിനാൽ പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോയിട്ടില്ല. |
| (ബി) | ഇത്തരത്തിൽ കിഫ്ബി മാനദണ്ഡങ്ങൾ പ്രകാരം നവീകരിക്കാൻ കഴിയാത്ത റോഡുകളുടെ അറ്റകുറ്റ പണിക്ക് ധനകാര്യ വകുപ്പ് ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കിഫ്ബി മാനദണ്ഡപ്രകാരം നവീകരിക്കാൻ കഴിയാത്ത റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ PWD മാനുവൽ പ്രകാരമുള്ള നടപടികൾ ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണ്. കിഫ്ബി മാനദണ്ഡ പ്രകാരം വികസിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ റോഡ് നവീകരിക്കുന്നതിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പിനാണ്. |
| (സി) | ഗതാഗത യോഗ്യമല്ലാത്ത പ്രസ്തുത റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | കിഫ്ബി മാനദണ്ഡപ്രകാരം നവീകരിക്കാൻ കഴിയാത്ത റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ PWD മാനുവൽ പ്രകാരമുള്ള നടപടികൾ ഭരണവകുപ്പിന് സ്വീകരിക്കാവുന്നതാണ്. കിഫ്ബി മാനദണ്ഡ പ്രകാരം വികസിപ്പിക്കേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ റോഡ് നവീകരിക്കുന്നതിനുള്ള ചുമതല പൊതുമരാമത്ത് വകുപ്പിനാണ്. |

സെക്ഷൻ ഓഫീസർ